# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2649 | 14-12-2015 ൽ മറുപടിയ്ക്ക്. |

### സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എളമരം കരീം | | ശ്രീ. പി.ജെ. ജോസഫ് (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത്, ലഭ്യമായ ജലം പരമാവധി സംരക്ഷിച്ച് കുടിവെള്ള വിതരണത്തിനും, കൃഷിക്കും മറ്റനുബന്ധാവശ്യങ്ങൾക്കും തടസ്സമില്ലാതെ നൽകാൻ പറ്റുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുമെന്ന് 2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ; വ്യക്തമാക്കുമോ; | (എ) | പ്രഖ്യാപിച്ചിട്ടുണ്ട്, നദികളിലൂടെ ഒഴുകി കടലിൽ പതിക്കുന്ന ജലം വിവിധ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ച് സംഭരിച്ച് ഉപയോഗയോഗ്യമാക്കുന്നതിലേക്കായി 700 ഓളം തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിന് 400 കോടി രൂപയുടെ ബൃഹദ് പദ്ധതി 2013-14 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിരുന്നു.<br><br>ഭൂജല വകുപ്പുമായി ബന്ധപ്പെട്ട 2013-14 ബഡ്ജറ്റിൽ കിണറുകൾ റീചാർജ് ചെയ്യലും മഴവെള്ള സംരക്ഷണവും ജനകീയ പദ്ധതികളായി ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. |
| (ബി) | ഇതിനായി പ്രസ്തുത വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നും അതിൽ എത്ര തുക ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ? | (ബി) | 183 തടയണകൾ നിർമ്മിക്കുന്നതിനായി 25-04-2014 ൽ 106.60 കോടി രൂപയും 7 തടയണകളുടെ നിർമ്മാണത്തിനായി 24-11-2014 ൽ 3.78 കോടി രൂപയും അനുവദിച്ചു. ഇവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. 2013-14, 2014-15 വർഷങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.<br><br>കൂടാതെ, കൃത്രിമ ഭൂജല സംപോഷണപദ്ധതിയുടെ ഭാഗമായി 2013-14 വർഷം 60 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 58 ലക്ഷം രൂപ വിനിയോഗിച്ച് 75 പദ്ധതികൾ പൂർത്തീകരിച്ചു. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ 4 കോടി രൂപ വകയിരുത്തുകയും അതിൽ 3.95 കോടി രൂപ വിനിയോഗിച്ച് 150 കുഴൽകിണർ, 73 ചെറുകിട കുടിവെള്ള പദ്ധതികൾ, 90 ഹാൻഡ് പമ്പ് പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ